മാണ് ഇതിലേയ്ക്കുള്ള ചാർജ്ജ് നഗരസഭകൾ ഈടാക്കി വരുന്നത്. പൊതുമരാമത്ത് വകുപ്പിൽ ഇപ്പോഴത്തെ നിരക്ക് വളരെക്കുറവായതിനാൽ റേറ്റ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കാണ് ഈടാക്കുന്നത്.

24 (*350) സംസ്ഥാനത്തെ വൈദ്യുതി റഗുലേറ്ററി കമ്മിഷൻ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി റഗുലേറ്ററി കമ്മിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി റഗുലേറ്ററി കമ്മിഷൻ രൂപീകരിക്കാത്ത സംസ്ഥാനങ്ങളുടെ കേന്ദ്ര വിഹിതം വൈദ്യുതി വെട്ടിക്കുറയ്ക്കുമെന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവണ്മെന്റിൽ നിന്നും സംസ്ഥാന ഗവണ്മെന്റിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) പ്രസക്തമല്ല.

25 (*351) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എ. കണാരൻ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കഴിഞ്ഞ മൂന്നു വർഷക്കാലം നടപ്പാക്കിവരുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly